## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4830 27.10.2016-ലെ മറുപടിക്ക്

### ഹയർ സെക്കൻഡറി കമ്പ്യൂട്ടർ സയൻസ് / ആപ്ലിക്കേഷൻ വിഭാഗത്തിലെ ഒഴിവുകൾ

**ചോദ്യം**

**ശ്രീ. ഒ.രാജഗോപാൽ**

**ഉത്തരം**

**പ്രൊഫ.സി.രവീന്ദ്രനാഥ്**
**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

(എ) നിലവിൽ 66 സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ നിന്നായി കമ്പ്യൂട്ടർ സയൻസ് / ആപ്ലിക്കേഷൻ വിഷയത്തിൽ 69 ഒഴിവുകൾ ഉണ്ടായിട്ടും പ്രസ്തുത ഒഴിവുകൾ യഥാസമയം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(എ) കമ്പ്യൂട്ടർ സയൻസ് / ആപ്ലിക്കേഷൻ വിഷയത്തിൽ ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി 69 ഒഴിവുകൾ നിലവിലുണ്ട്. സ്പെഷ്യൽ റൂൾസ് പ്രകാരം ജൂനിയർ അദ്ധ്യാപകർക്ക് തസ്തികമാറ്റം വഴി സീനിയർ തസ്തികയിലേക്ക് നിയമനം നൽകുന്നതിനും എച്ച്.എസ്.എ/യു.പി.എസ്.എ/ എൽ.പി.എസ്.എ-മാർക്ക് ജൂനിയർ തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനത്തിനുമായി ഒഴിവുകൾ തിട്ടപ്പെടുത്താനുണ്ട്. ആയത് തിട്ടപ്പെടുത്തി ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ബൈ ട്രാൻസ്ഫർ / പ്രൊമോഷൻ വഴി 31.08.2016 വരെ കമ്പ്യൂട്ടർ സയൻസ് / ആപ്ലിക്കേഷൻ ഒഴിവുകളിൽ 2011 മുതൽ 2016 വരെയുള്ള ഓരോ വർഷത്തെയും നിയമന വിവരങ്ങൾ ജൂനിയർ/ സീനിയർ തരം തിരിച്ചുള്ളത് അനുപാതം സഹിതം വ്യക്തമാക്കാമോ;

(ബി) 01.12.2011 മുതൽ 31.12.2015 വരെയുള്ള ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകരുടെ ബൈട്രാൻസ്ഫർ നിയമനം ഇതുവരെയും നടത്തിയിട്ടില്ല. ടി കാലയളവിനു മുൻപുണ്ടായ ഒഴിവുകളിലേക്ക് നടന്ന നിയമനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തസ്തിക | 2011 | 2012 | 2013 | 2014 | 2015 | 2016 |
|---|---|---|---|---|---|---|
| HSST | 8 | 3 | ഇല്ല | 67 | 5 | ഇല്ല |
| HSST (Jr) | 7 | ഇല്ല | ഇല്ല | 11 | ഇല്ല | 1 |

21.02.2009 മുതൽ 06.02.2014 വരെ റിപ്പോർട്ട് ചെയ്ത എച്ച്.എസ്.എസ്.ടി കമ്പ്യൂട്ടർ സയൻസ് സീനിയർ തസ്തികയിലേക്ക് 81 പേർക്കും എച്ച്.എസ്.എസ്.ടി (ജൂനിയർ) കമ്പ്യൂട്ടർ സയൻസിന് 20.03.2010 മുതൽ 16.06.2014 വരെ 83 പേർക്കും പി.എസ്.സി വഴി നിയമനം നൽകിയിട്ടുണ്ട്.

| | |
|---|---|
| (സി) 31.08.2016 വരെയുള്ള കണക്കുകൾ പ്രകാരം നിലവിൽ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ കമ്പ്യൂട്ടർ സയൻസ് / ആപ്ലിക്കേഷൻ വിഭാഗത്തിൽ എത്ര ജീവനക്കാർ താത്ക്കാലികാടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ; പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഉള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ? | (സി) വിവരം ശേഖരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ.**